

# സഭ പ്രേഷിതസമൂഹം

**സീറോ മലബാർ സഭയുടെ വിശ്വാസ പരിശീലന പാഠാവലി.**

10

പാഠം 1

# സഭ സ്വഭാവത്താലേ പ്രേഷിത



"ആകയാൽ നിങ്ങൾ പോയി എല്ലാ ജനതകളേയും ശിഷ്യപ്പെടുത്തുവിൻ. പിതാവിന്റേയും പുത്രന്റേയും പരിശുദ്ധാത്മാവിന്റേയും നാമത്തിൽ അവർക്ക് ജ്ഞാനസ്നാനം നല്കുവിൻ. ഞാൻ നിങ്ങളോട് കല്പിച്ചവയെല്ലാം അനുസരിക്കുവാൻ അവരെ പഠിപ്പിക്കുവിൻ"(മത്താ. 28:18-20).



# കർത്താവിന്റെ കല്പന

“നിങ്ങൾ  ഇതെന്റെ ഓർമ്മയ്ക്കായി ചെയ്യുവിൻ’‘.

“നിങ്ങൾ ലോകമെങ്ങും പോയി, എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ’‘. ഈശോ ശ്ലീഹന്മാർ വഴി സഭയെ ഭരമേല്പിച്ച ദൗത്യമാണ് സുവിശേഷ പ്രഘോഷണം.


# പിതാവ് പുത്രനെ അയയ്ക്കുന്നു

പുത്രൻവഴി 'അന്ധകാരത്തിന്റെ ആധിപത്യത്തിൽനിന്നും നമ്മെ മോചിപ്പിക്കുന്നതിനും' (കൊളോ. 1:13) 'അവനിൽ ലോകത്തെ തന്നോട് രമ്യപ്പെടുത്തുന്നതിനും വേണ്ടി' (2 കോറി. 5:19) പിതാവായ ദൈവം പുത്രനെ ലോകത്തിലേക്കയച്ചു. പിതാവിന്റെ ഇഷ്ടം നിറവേറ്റുക എന്നതായിരുന്നു പുത്രന്റെ പ്രേഷിതദൗത്യം (യോഹ. 5:30).



# ഈശോ പ്രഥമ പ്രേഷിതൻ

**ദൈവപിതാവിന്റെ സുവിശേഷമാണ് ഈശോ. എല്ലാ പ്രേഷിതപ്രവർത്തനങ്ങളുടേയും ആരംഭം പുത്രന്റെ ലോകത്തിലേക്കുള്ള അയയ്ക്കപ്പെടലാണ്. ഈശോതന്നെയാണു സുവിശേഷത്തിന്റെ പ്രഥമവക്താവ്.**



അയയ്ക്കുക എന്നർത്ഥം വരുന്ന 'മീത്തരെ' എന്ന ലത്തീൻ പദത്തിൽനിന്നാണ് 'മിഷൻ' (ങശൈൈശീ) 'മിഷനറി' (ങശൈൈശീമ്യ്യ) എന്നീ വാക്കുകളുടെ ഉത്ഭവം. 'മിഷൻ' എന്ന പദം അയയ്ക്കപ്പെട്ടവന്റെ ദൗത്യത്തെ സൂചിപ്പിക്കുന്നു. 'മിഷനറി' എന്നാൽ അയയ്ക്കപ്പെട്ടവൻ എന്നാണർത്ഥം.

ഈശോയുടെ സന്ദേശം മനുഷ്യരക്ഷയേയും ദൈവ രാജ്യത്തേയുംകുറിച്ചായിരുന്നു.



# പരിശുദ്ധാത്മാവിന്റെ പ്രേഷിതത്വം

ഈശോ നേടിത്തന്ന രക്ഷ സ്വന്തമാക്കാൻ മനുഷ്യരെ സഹായിക്കുന്നതിനായി ദൈവം പരിശുദ്ധാത്മാവിനെ അയച്ചു. പിതാവായ ദൈവത്തിന്റെ പദ്ധതിപ്രകാരമുള്ള പുത്രന്റേയും പരിശുദ്ധാത്മാവിന്റേയും പ്രേഷിതത്വത്തിൽനിന്നാണ് സഭയുടെ ഉത്ഭവം.

# സഭ മിശിഹായാൽ അയയ്ക്കപ്പെട്ടവൾ

ഈശോമിശിഹായുടെ തുടർച്ചയാണ് സഭ. ഈശോയുടെ ദൗത്യമാണ് സഭയ്ക്ക് ലോകത്തിൽ തുടരുവാനുള്ളത്. അതിനായിട്ടാണ് അവൾ വിളിക്കപ്പെട്ടിരിക്കുന്നതും അയയ്ക്കപ്പെട്ടിരിക്കുന്നതും. പിതാവ് എന്നെ അയച്ചതുപോലെ ഞാൻ നിങ്ങളെ അയയ്ക്കുന്നു.

ഈശോയിൽനിന്ന് ഈ ദൗത്യം സ്വീകരിച്ച സഭ അവിടുത്തെ രക്ഷകരെ പദ്ധതിയിൽ സഹകരിച്ച് മനുഷ്യരെ രക്ഷയിലേക്ക് നയിക്കുന്നു. അതിനാൽ സഭ സാർവ്വത്രിക രക്ഷയുടെ കൂദാശയാണ്.

# പ്രേഷിതയായ സഭ

സകല ജനങ്ങളേയും സുവിശേഷമറിയിക്കുക, അവർക്ക് ജ്ഞാനസ്നാനം നൽകുക. അവിടുന്ന് കല്പിച്ചവയെല്ലാം അനുസരിക്കുവാൻ അവരെ പഠിപ്പിക്കുക, അവിടുത്തെ സ്നേഹത്തിന് സാക്ഷ്യം വഹിക്കുക എന്നിവയായിരുന്നു ഈശോ ശിഷ്യന്മാരിലൂടെ സഭയെ ഏല്പിച്ച ദൗത്യം (മത്താ. 28:18-20). മിശിഹായെക്കുറിച്ച് കേട്ടിട്ടില്ലാത്ത ജനതകളോടും സമൂഹങ്ങളോടും സുവിശേഷം പ്രസംഗിക്കുകയും സഭ സ്ഥാപിക്കുകയും ചെയ്യുന്നതിനെയാണ് 'മിഷൻ' എന്ന പദംകൊ് അർത്ഥമാക്കുന്നത്. ദൈവത്തിന്റെ രക്ഷകരെ പദ്ധതിയുടേയും ലോകത്തിലും ചരിത്രത്തിലുമുള്ള അതിന്റെ പൂർത്തീകരണത്തിന്റേയും പ്രഘോഷണമാണ് പ്രേഷിത പ്രവർത്തനം (രക്ഷകന്റെ ദൗത്യം 41).



# എല്ലാവരും പ്രേഷിതർ

സഭ സ്വഭാവത്താലേ പ്രേഷിതയായതിനാൽ ദൈവജനം മുഴുവനും പ്രേഷിതരാണ്. മറ്റുള്ളവരെ സുവിശേഷമറിയിക്കുവാനുള്ള സഭയുടെ ധർമ്മം നിറവേറ്റപ്പെടുന്നതു സഭാമക്കളിലൂടെയാണ്.

# ദൈവവചനം

## വായിക്കാം, ധ്യാനിക്കാം

**(യോഹ. 20:19-23)**



# ഓർമ്മിക്കാൻ ഒരു തിരുവചനം

"പിതാവ് എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയയ്ക്കുന്നു" (യോഹ. 20:21).

# നമുക്കു പ്രാർത്ഥിക്കാം

കർത്താവായ ഈശോയേ, ഞങ്ങൾക്കു ലഭിച്ച പ്രേഷിതവിളിക്കും ദൗത്യത്തിനും യോജിച്ചവിധം ജീവിച്ച് അങ്ങേയ്ക്കു സാക്ഷികളാകാൻ ഞങ്ങളെ അനുഗ്രഹിക്കണമേ.

# എന്റെ തീരുമാനം

**മാമ്മോദീസായും തൈലാഭിഷേകവും വഴി സഭയുടെ പ്രേഷിത ദൗത്യത്തിൽ എന്നെയും പങ്കുചേർത്തതിന് ഞാൻ എന്നും ദൈവത്തിന് നന്ദി പറയും.**

## സഭാപിതാക്കന്മാർ പറയുന്നത്

മനുഷ്യവർഗത്തിന്റെ,രക്ഷയ്ക്കായി ഒരിക്കൽ കർത്താവു പ്രസംഗിച്ചതും തന്നിൽ പൂർത്തിയാക്കിയതുമായ സുവിശേഷം ജറുസലേം മുതൽ ഭൂമിയുടെ അതിർത്തികൾ വരെ പ്രസംഗിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുക ആവശ്യമായിരിന്നുക്കുന്നു. അങ്ങനെ ഒരിക്കൽ എല്ലാവർക്കും വേണ്ടി ഈശോ നേടിയ രക്ഷ, കാലത്തിന്റെ ഗതിയിൽ സകലരിലും ഫലമുളവാക്കണം (അഏ 3).

# സ്വന്തമാക്കേണ്ട ബോധ്യങ്ങൾ

* പിതാവിനാൽ അയയ്ക്കപ്പെട്ട ഈശോയാണ് പ്രഥമപ്രേഷിതൻ.
* ഈശോമിശിഹായാൽ അയയ്ക്കപ്പെട്ടവളാണ് സഭ.
* സഭയുടെ പ്രഥമവും പ്രധാനവുമായ ദൗത്യമാണ് സുവിശേഷപ്രഘോഷണം
* സുവിശേഷം ശ്രവിക്കുന്നവരെ അതു സ്വീകരിക്കാൻ സന്നദ്ധരാക്കുന്നത് പരിശുത്മാവാണ്.





* ഈശോയിൽ നിന്ന് പ്രേഷിതദൗത്യം സ്വീകരിച്ച സഭ അവിടുത്ത രക്ഷകരെ പദ്ധതിയിൽ സഹകരിച്ച് മനുഷ്യരെ രക്ഷയിലേയ്ക്കു നയിക്കുന്നതിനാൽ സഭ രക്ഷയുടെ കൂദാശയാണ്.

* സകലജനതകളെയും സുവിശേഷമറിയിക്കുക, അവർക്ക് ജ്ഞാനസ്നാനം നൽകുക, അവിടുന്ന് കല്പിച്ചവയെല്ലാം അനുസരിക്കുവാൻ അവരെ പഠിപ്പിക്കുക, അവിടുത്തെ സ്നേഹത്തിനു സാക്ഷ്യം വഹിക്കുക എന്നിവയായിരുന്നു ഈശോ ശിഷ്യരിലൂടെ സഭയെ ഏല്പിച്ച ദൗത്യങ്ങൾ.

* സഭ സ്വഭാവത്താലെ പ്രേഷിതയായതിനാൽ സഭാംഗങ്ങളെല്ലാവരും പ്രേഷിതരാണ്.

# സ്വന്തമാക്കേണ്ട മനോഭാവങ്ങൾ

* തങ്ങളുടെ പ്രേഷിതദൗത്യത്തെക്കുറിച്ചുള്ള അവബോധം.

* മറ്റുള്ളവരുമായി ദൈവവചനം പങ്കുവയ്ക്കുവാനുള്ള താല്പര്യം.



# സ്വന്തമാക്കേണ്ട ശീലങ്ങൾ

* ഈശോയെക്കുറിച്ച് മറ്റുഉള്ളവരോട് പറയുന്നു.

* പ്രേഷിതപ്രവർത്തനങ്ങളുടെ വിജയത്തിനായി പ്രാർത്ഥിക്കുന്നു.




THANK
YOU